

10-12-2021

FRIDAY　　　　　വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian**　　　　**Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananhapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) – 10/12/2021

1. പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിലെ **കേരഗ്രാമം** പദ്ധതിയുടെ ഉദ്ഘാടനം ഇന്ന് (10-12-2021) ഉച്ചയക്ക് 12 മണയ്ക്ക് ഗ്രാമപഞ്ചായത്ത് ഹാളിൽ വച്ച് കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് നിർവഹിക്കും. ചടങ്ങിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അദ്ധ്യക്ഷത വഹിക്കും. പത്തനംതിട്ട എം.പി ആന്റോആന്റണി മുഖ്യപ്രഭാഷണം നടത്തും.

2. പത്തനംതിട്ട ജില്ലയിലെ അടൂർ മുനിസിപ്പാലിറ്റിയിലും ഏനാദിമംഗലം, കലഞ്ഞൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കുന്ന **കേരഗ്രാമം** പദ്ധതിയുടെ ഉദ്ഘാടനം ഇന്ന് (10-12-2021) ഉച്ചയക്ക് ഒരു മണിയ്ക്ക് കരുവാറ്റയിലെ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി പാരീഷ്ഹാളിൽ വച്ച് കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് നിർവഹിക്കും. ചടങ്ങിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അദ്ധ്യക്ഷത വഹിക്കും.

3. സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി തിരശു കിടക്കുന്ന മുഴുവൻ സ്ഥലങ്ങളും കൃഷി യോഗ്യമാക്കുന്നതിന്റെ ഭാഗമായി കൊല്ലായി പാടശേഖരത്ത് ഞാറുനടീൽ ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഇന്ന് (10-12-2021) രാവിലെ 9 മണിയ്ക്ക് നിർവഹിക്കും. ചടങ്ങിൽ കോന്നി എം.എൽ.എ അഡ്വ. കെ.യു ജനീഷ് കുമാർ അദ്ധ്യക്ഷത വഹിക്കും.

4. ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ പട്ടികവർഗ്ഗ ഉപപദ്ധതിയുടെ ഭാഗമായി വെള്ളായണി കാർഷിക കോളേജും പട്ടികജാതി വികസന വകുപ്പും ചേർന്ന് പച്ചക്കറി വിത്ത്- സുഗന്ധവിള തൈകളുടെ വിതരണവും പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ അമ്പൂരി പഞ്ചായത്തിലെ പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടനം സി.കെ. ഹരിന്ദ്രൻ എം.എൽ.എ ഇന്ന് (10-12-2021) ഉച്ചയ്ക്ക് രണ്ട് മണിയ്ക്ക് പുരവിമല എൽ.പി സ്കൂളിൽ വച്ച് നിർവ്വഹിക്കുന്നു. കുറ്റിച്ചൽ പഞ്ചായത്തിലെ പച്ചക്കറി വിത്ത്- സുഗന്ധവിള തൈകളുടെ വിതരണവും പരിശീലന പരിപാടിയുടെ ഉദ്ഘാടനവും രാവിലെ 10 മണിയ്ക്ക് പാങ്കാവ് സാംസ്കാരിക കേന്ദ്രത്തിൽ വച്ച് ജി. സ്റ്റീഫൻ എം.എൽ.എ നിർവ്വഹിക്കും.

5. പെരുങ്കടവിള കൃഷിഭവൻ പരിധിയിലെ കാർഷിക ഉൽപ്പന്നങ്ങൾ തിരുവനന്തപുരം കോർപ്പറേഷൻ കൃഷിഭവന്റെ സഹായത്തോടെ ഇന്നുമുതൽ ജനയുഗം പത്രമാഫീസിനുമുൻപിലെ അങ്കണത്തിൽ വച്ച് ഉച്ചയ്ക്ക് ഒരു മണിമുതൽ വൈകിട്ട് ആറുമണി വരെ എല്ലാ വെള്ളിയാഴ്ച്ചയും കർഷകർ നേരിട്ട് വിപണനം നടത്തുന്നു. **വിളനിറവ്** എന്ന പേരിലറിയുന്ന ഈ കാർഷിക വിപണിയിൽ നാടൻ പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, വാഴക്കുല, വാഴക്കൂമ്പ്, വാഴപ്പിണ്ടി, കുടംപുളി, നാളികേരം, തേൻ, മുട്ട തുടങ്ങിയ നാടൻ കാർഷികോത്പ്പന്നങ്ങൾ വിൽപ്പനയ്ക്ക് സജ്ജമാണെന്ന് പെരുങ്കടവിള കൃഷി ഓഫീസർ അറിയിക്കുന്നു.

## പരിശീലന പരിപാടികൾ

6. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഡിസംബർ 15, 16, 17 തീയതികളിൽ രാവിലെ 10 മണി മുതൽ **'കന്നുകാലികളിലെ രോഗങ്ങളും പ്രതിരോധ മാർഗങ്ങളും'** എന്ന വിഷയത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്കായി **9400483754** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

7. മൃഗക്ഷേമവുമായി ബന്ധപ്പെട്ട പെറ്റ് ഷോപ്പ് റൂൾ, മാർക്കറ്റ് റൂൾ, നാട്ടാന പരിപാലന നിയമം, ഡോഗ് ബ്രീഡിംഗ് റൂൾ, പി സി എ ആക്ട്, എ ബി സി ഡോഗ് റൂൾ, പഞ്ചായത്ത് രാജ് ആക്ട് എന്നീ നിയമങ്ങളെ സംബന്ധിച്ചുള്ള ഒരു ബോധവത്ക്കരണ വെബിനാർ തിരുവനന്തപുരം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ വച്ച് സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ **9995284127** എന്ന നമ്പരിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി **ഡിസംബർ** 18 ആണ്.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിനെ ബാധിക്കുന്ന രോഗങ്ങൾക്കെതിരെ സ്പ്രേയിങ് നടത്തുന്നതിലും സ്പ്രേയിങ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികളിലും ഇന്ന് (ഡിസംബർ 10 ന്) ഏകദിനപരിശീലനം നൽകുന്നു. കോവിഡ് പെരുമാറ്റച്ചട്ടങ്ങൾ പാലിച്ചുകൊണ്ടായിരിക്കും പരിശീലനം നടത്തുക. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാം.

9. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 13 മുതൽ 18 വരെ **തെങ്ങിന്റെ ചങ്ങാതിക്കൂട്ടം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0496 2966041** എന്ന നമ്പരിൽ ബന്ധപ്പെടുക.

10. **ഐ.സി.എ.ആർ** കൃഷി വിജ്ഞാന കേന്ദ്രം, മിത്രനികേതനിൽ ഇന്ന് (10.12.21) **കാർഷികവൃത്തിയുടെ അഭിവൃദ്ധിക്കായി വിവിധ കൃഷി പണികളിൽ നവീന ഊർജ്ജ പദ്ധതികൾ എങ്ങനെ നടപ്പിലാക്കാം** എന്ന വിഷയത്തിൽ കർഷകർക്ക് സെമിനാർ സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **9400288040** എന്ന നമ്പറിൽ ബന്ധപ്പെടുക.

**<u>വിളപരിപാലന നിർദ്ദേശങ്ങൾ</u>**

11. വാഴ നടുമ്പോൾ 50cm വീതം നീളവും വീതിയും താഴ്ചയും ഉള്ള കുഴികളിൽ വേണം നടുവാൻ. കാലിവളം ഒരു വാഴയ്ക്കു പത്തു കിലോ എന്നതോതിൽ നൽകണം. വാഴയിൽ തടതുരപ്പൻ പുഴുവിനെ നിയന്ത്രിക്കാൻ 2 മില്ലി കോർപൈറിഫോസ് 1 ലിറ്റർ വെള്ളത്തിൽ എന്ന അളവിൽ നേർപ്പിച്ച് തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ